


ഗസ്റ്റ് എഡിറ്റോറിയൽ

# സാധ്യമാകേണ്ട ഗാന്ധി

**ഗാന്ധി** ഇന്ന് ഏറെ വായിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ മലയാളത്തിൽമാത്രം ഗാന്ധിയുടെ ആത്മകഥ ആറുലക്ഷം കോപ്പി വിറ്റഴിഞ്ഞു എന്നതും 'ഹിന്ദ് സ്വരാജ്' ശതാബ്ദിവർഷത്തിൽ ആ ഗ്രന്ഥത്തിന്റെ കാൽലക്ഷം കോപ്പികൾ വിറ്റഴിഞ്ഞു എന്നതും നൽകുന്ന സൂചന മറ്റൊന്നല്ല. എന്നാൽ ഗാന്ധി വായിക്കപ്പെടുന്നത് അനുസരിച്ച് മനസ്സിലാക്കപ്പെടുന്നുണ്ടോ? കേവലം പുസ്തകവായന കൊണ്ട് മനസ്സിലാക്കാവുന്ന ഒരാളാണോ ഗാന്ധി? ഗാന്ധി തന്റെ ആദർശങ്ങൾ സ്വാംശീകരിച്ചത് ഒരു സത്യാന്വേഷകൻ എന്ന നിലയിലുള്ള ജീവിതവായനയിലൂടെയാണ്. അതുകൊണ്ടുതന്നെ ഗാന്ധിയെ ശരിയായി മനസ്സിലാക്കാൻ വായനകൾക്കപ്പുറമുള്ള അന്വേഷണങ്ങൾ ആവശ്യമാണ്. തിരക്കുപിടിച്ചോടുന്ന ആധുനിക മനുഷ്യന് അതിനുള്ള സാവകാശം കിട്ടാറില്ല. അതുകൊണ്ടാണ് ഗാന്ധി ഇന്നും നമുക്ക് പൊതുവിൽപറഞ്ഞാൽ രാഷ്ട്രപിതാവ് മാത്രമായി അവശേഷിക്കുന്നത്. ഏറിപ്പോയാൽ സംശുദ്ധപൊതുപ്രവർത്തനത്തിന്റെ എക്കാലത്തെയും നല്ല മാതൃക. ഇതിനപ്പുറമുള്ള ഗാന്ധിയെയാണ് ഇനി നാം വായിച്ചെടുക്കേണ്ടത്.

ഇന്ത്യയുടെ രാഷ്ട്രപിതാവിനപ്പുറമുള്ള ഗാന്ധിയെക്കുറിച്ച് ആധുനിക ചിന്തകന്മാരിൽ പലരും ഗൗരവപൂർണ്ണമായി അന്വേഷിക്കുന്നുണ്ട്. ഗാന്ധി ഇന്ന് ഈ നിലക്ക് വളരുന്നത് ഒരു ഭരണകൂടത്തിന്റെയും പ്രസ്ഥാനത്തിന്റെയും സ്പോൺസർഷിപ്പ് ബലത്തിലല്ല. ഗാന്ധിദർശനം സ്വന്തം ഉൾക്കരുത്തുകൊണ്ട് തന്നെയാണ് പോയകാലത്തേക്കാൾ തീവ്രതയോടെ ആധുനിക നാഗരികതയ്ക്ക് നേരെ കലാപങ്ങളുണ്ടാക്കുന്നത്. ഇക്കാലത്ത് ഏകാധിപതികൾക്ക് ആറ്റംബോംബിനേക്കാൾ ഭയം ഗാന്ധിയൻ സമരായുധത്തെയാണ്. കോർപ്പറേറ്റുകൾക്ക് ഭീഷണി ഗാന്ധിയൻ വികസന സമീപനം കേന്ദ്രബിന്ദുവായുള്ള ജൈവരാഷ്ട്രീയമാണ്. മതവൈരം പ്രസരിപ്പിക്കുന്ന ശക്തികൾക്ക് സർവ്വധർമ്മ സമഭാവന ഉയർത്തിപ്പിടിക്കുന്ന ഗാന്ധി വെല്ലുവിളിതന്നെയാണ്. ഉപഭോഗാർത്ഥിയുടെ ഭ്രാന്തിനെ തളയ്ക്കാനുള്ള ചങ്ങലയാണിന്ന് ഗാന്ധി. ഈ ഗാന്ധിയെയാണ് വരുംതലമുറകൾക്കാവശ്യം.

ആഗോളതലത്തിൽത്തന്നെ മുതലാളിത്തവും കമ്യൂണിസവും തമ്മിലുള്ള അതിർവരമ്പ് മാഞ്ഞുപോയത് കാണാത്തവരുണ്ട്. അവർ കമ്യൂണിസ്റ്റ് വിപ്ളവത്തിന്റെ പുതിയ പ്രഭാതം വിടരുന്ന കാത്തിരിപ്പാണ്. ചിലർ അങ്ങനെ ഭാവിക്കുന്നു. എന്നാൽ യാഥാർത്ഥ്യബോധമുള്ളവർ മുതലാളിത്തവും കമ്യൂണിസവും ഒരേ നാഗരികതയുടെ മൂല്യങ്ങൾ സംവഹിക്കുന്ന തത്വശാസ്ത്രങ്ങളാണെന്നും ആ നാഗരികത ഇനി ഏറെ മുന്നോട്ടുപോകാനാവാത്ത പ്രതിസന്ധികളിലാണെന്നും സമ്മതിക്കുന്നു. അവിടെയാണ് ഗാന്ധി ഒരു വഴികാട്ടിയാവുന്നത്. ആ നിലക്കുള്ള ഗാന്ധിയൻ പ്രസക്തിയെക്കുറിച്ചുള്ള ചിന്തകൾ സാവകാശമെങ്കിലും വികസിച്ചുവരുന്നുണ്ട്.

എന്നാൽ അതിനിടയിലും ഗാന്ധിയുടെ നാട്ടിൽ ഗാന്ധി രൂക്ഷമായ വിമർശനങ്ങൾക്ക് വിധേയമാകുന്നുണ്ട്. ഗാന്ധി അധഃസ്ഥിത ജനവിഭാഗങ്ങളുടെ ശത്രുവാണെന്ന വിമർശനമാണ് പ്രധാനമായും ചിലർ ഉയർത്തുന്നത്. ഗാന്ധി മുന്നോട്ടുവച്ച ആദർശങ്ങൾക്ക് പ്രാമുഖ്യമുള്ള ജീവിതസമ്പ്രദായത്തിലാണ് സ്ത്രീകളുൾപ്പെടെ ദുർബ്ബലമാക്കപ്പെട്ട വിഭാഗങ്ങൾക്കെല്ലാം സ്വന്തം കാലിൽ നിവർന്നുനിന്ന് സ്വന്തം അസ്തിത്വം ആഘോഷിക്കാൻ കഴിയുക എന്ന സത്യം എന്തുകൊണ്ടോ ആ വിമർശകർ കാണുന്നില്ല. ഇന്നല്ലെങ്കിൽ നാളെ അത്തരം വിമർശകരും സത്യം മനസ്സിലാക്കുമെന്നതിൽ സംശയമില്ല.

ഈയൊരു പ്രതീക്ഷയോടെയാണ് കേരളീയം മാസിക മാർച്ച് ലക്കം പ്രത്യേക ഗാന്ധിപ്പതിപ്പായി പ്രസിദ്ധീകരിക്കുന്നത്. ഗാന്ധിപ്പതിപ്പ് ഗാന്ധി സ്തുതികൾകൊണ്ട് നിറക്കാനല്ല ശ്രമിച്ചിട്ടുള്ളത്; ഗാന്ധിദർശനത്തെയും ഗാന്ധിയൻ പ്രസ്ഥാനങ്ങളെയും സൃഷ്ടിപരമായ വിമർശനങ്ങൾ വിധേയമാക്കിക്കൊണ്ടും വ്യത്യസ്ത ആശയധാരയിൽപ്പെട്ടവരുടെ നിരീക്ഷണങ്ങൾ പങ്കുവച്ചുകൊണ്ടുള്ള ഒരു അന്വേഷണത്തിനാണ് ശ്രമിക്കുന്നത്. മുൻവിധികളില്ലാതെ ഈ ഗാന്ധിപ്പതിപ്പിലൂടെ കടന്നുപോകാൻ വായനക്കാരെ ക്ഷണിക്കുന്നു.

ഗാന്ധിയെക്കുറിച്ച് കേട്ടറിവു പോലുമില്ലാത്തവർ ഗാന്ധി ഉയർത്തിപ്പിടിച്ച മൂല്യങ്ങളെ അടിസ്ഥാനമാക്കി ഒറ്റയ്ക്കും കൂട്ടായും കൺമുമ്പിലുള്ള പ്രതിസന്ധികളെ അതിജീവിക്കാൻ നടത്തുന്ന ശ്രമങ്ങളും വ്യാപകമാകുന്നുണ്ട്. അത്തരം ശ്രമങ്ങളിലൂടെയും ഗാന്ധിയൻ വഴിത്താരകൾ കൂടുതൽ തെളിഞ്ഞുവരുന്നുണ്ട്. ആധുനികലോകത്തിലെ ഗാന്ധി ഇത്തരം വൈവിധ്യമാർന്ന അന്വേഷണങ്ങളിലൂടെ തുടർച്ചയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കും. അത്തരമൊരു ഉയിർത്തെഴുന്നേൽപ്പ് തെരുവോരങ്ങളിൽനിന്നും കൃഷിയിടങ്ങളിൽനിന്നും പണിശാലകളിൽനിന്നും അടുക്കളകളിൽനിന്നും മധ്യവർഗത്തിന്റെ ജീവിത ഇടങ്ങളിൽനിന്നുമൊക്കെയാകാം.

**സണ്ണി പൈകട**
അതിഥി പത്രാധിപർ